KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.124/PR/PIC/PHQ/18 Date : 18.05.2018

## അധിക ധനസഹായം അനുവദിച്ചു.

മണൽ കള്ളകടത്തു തടയുന്നതിനിടെ മണൽ മാഫിയയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിൽസയിൽ കഴിയുന്ന കഴിയുന്ന കണ്ണൂർ പരിയാരം പോലീസ് സ്റ്റേഷനിലെ എസ്.ഐ. എ. എം രാജന്റെ ചികിൽസക്കായി പോലീസ് വെൽഫെയർ ബ്യൂറോയിൽ നിന്ന് ഒരു ലക്ഷം രൂപ കൂടി സംസ്ഥാന പോലീസ് മേധാവി അനുവദിച്ചു. എ. എം രാജന്റെ ചികിൽസാ ചെലവ് മുഴുവൻ സർക്കാരും പോലീസും വഹിക്കുമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. മുൻപ് ചികിൽസക്കായി ചെലവഴിച്ച 13,24536 രൂപ രണ്ടു ഘട്ടങ്ങളിലായി റീഇംബേഴ്സ് ചെയ്തു നൽകിയിരുന്നു. ഇനി ബാക്കിയുള്ള 1,66,431 രൂപയുടെ ബില്ലുകൾ പരിശോധനയ്ക്കുശേഷം പോലീസ് ആസ്ഥാനത്തു നിന്ന് സർക്കാരിനു നൽകിയിട്ടുണ്ട്. അത് എത്രയും വേഗം പാസ്സാക്കി നൽകുന്നതിന് ലെയ്സൺ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. ഇതു കൂടാതെ ഇതുവരെയായി പോലീസ് വെൽഫെയർ ബ്യൂറോയിൽ നിന്നും മൂന്ന് ലക്ഷം രൂപ ഗ്രാന്റായും ഒരു ലക്ഷം രൂപ ലോണായും അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേയാണ് ഒരു ലക്ഷം കൂടി ഇപ്പോൾ നൽകിയത്. ശ്രീ. എ. എം. രാജന് സാധ്യമായ പരമാവധി ചികിൽസ ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമെന്നും സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

*********